## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3071

18-10-2016-ൽ മറുപടിക്ക്

### ജിയോ വനോല ബിന്നി കമ്പനി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | പള്ളുരുത്തിയിൽ പ്രവർത്തിച്ചു വന്നി-രുന്ന ജിയോ വനോല ബിന്നി കമ്പനി (പെൻ സ്റ്റോക്ക് പൈപ്പ് നിർമ്മാണം) 1988 എഫ്.എ.സി.റ്റി.യുടെ കീഴിൽ FEW എന്ന സ്ഥാപനം ഏറ്റെടുത്ത ശേഷം സ്ഥാപനത്തിന്റെ ശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തിയിട്ടുണ്ടോ ; | (എ) | സ്ഥാപനത്തിന്റെ ശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. |
| (ബി) | FEW വിന്റെ യൂണിയൻ എന്ന നിലയിൽ ഇപ്പോൾ ബിന്നി കമ്പനിയിൽ നടന്നു വരുന്ന പ്രവൃത്തി എന്തെന്ന് വിശദമാക്കാമോ ; | (ബി) | പ്രഷർ വാൽവുകൾ, ഹീറ്റ് എക്സ്ചേഞ്ചർ, മറ്റ് പ്രോസ്സസ് ഉപകരണങ്ങളുടെ ഡിസൈനും ഫാബ്രിക്കേഷനും, ബാർജിന്റെ ഫാബ്രിക്കേഷൻ, കപ്പൽ നിർമ്മാണ ഉപ ഭാഗങ്ങളുടെ ഫാബ്രിക്കേഷൻ എന്നിവയാണ് എഫ്.ഇ.ഡബ്ല്യു.വിൽ ഇപ്പോൾ നടന്നു വരുന്ന പ്രവൃത്തികൾ. |
| (സി) | ഇവിടെ എത്ര തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ; | (സി) | 34 സ്ഥിരം ജീവനക്കാരും, 50 മുതൽ 60 വരെ കരാർ ജീവനക്കാരുമാണ് ഇപ്പോൾ ജോലി ചെയ്യുന്നത്. |
| (ഡി) | ഈ സ്ഥാപനത്തിന്റെ ചുറ്റുമായി ഉപയോഗമില്ലാതെ കിടക്കുന്ന ഭൂമി മറ്റു വ്യവസായത്തിനും ഐ.ടി. മേഖലയ്ക്കുമായി മാറ്റാൻ ഉദ്ദേശമുണ്ടോ ; വ്യക്തമാക്കുമോ ? | (ഡി) | ഉപകരണങ്ങളുടെ നിർമ്മാണവും സ്ഥാപിക്കലുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കല്ലാതെ മറ്റൊന്നിനും പള്ളുരുത്തിയിലെ ഭൂമി ഉപയോഗപ്പെടുത്തുവാൻ ഫാക്ട് ഇപ്പോൾ ഉദ്ദേശിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ